റിപ്പോർട്ട് പ്രകാരം മാട്ടുപ്പെട്ടി ഫാമിൽ 26 അൺസ്കിൽഡ് തൊഴിലാളികളുടെ തസ്തികകൾ അധികമെന്നു കണ്ടെത്തിയിട്ടുണ്ട്. ഇവ പുതുതായി സജ്ജമായി വരുന്ന പുത്തൂരിലെ പന്നിവളർത്തൽ കേന്ദ്രത്തിലേക്കു മാറ്റിയിട്ടുണ്ട്.

(ബി) മാട്ടുപെട്ടി - 5
ധോണി - 5
കുളത്തുപ്പുഴ - ഇല്ല (മൂന്ന് പേർ അധികം)
പീരുമേട് - 1
ആകെ ഒഴിവുകൾ 8

(സി) ഇല്ല.

(ഡി) അൺസ്കിൽഡ് വിഭാഗം തൊഴിലാളികളുടെ 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മാട്ടുപ്പെട്ടി ഫാമിൽ അധികമുള്ള 26 തസ്തികകളാണ് പുത്തൂരിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

(ഇ) പുത്തൂർ കേന്ദ്രമാക്കി പുതുതായി ആരംഭിക്കുന്ന പന്നി വളർത്തൽ കേന്ദ്രം പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല.

(എഫ്) കെ.എൽ.ഡി. ബോർഡ് ഒരു സർക്കാർ കമ്പനിയാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾക്ക് ബാധകമായ നിയമനചട്ടങ്ങളാണ് ഇവിടെ പിൻതുടരുന്നത്.

(എച്ച്) കെ.എൽ.ഡി. ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നേരിട്ടുമുള്ള നിയമനങ്ങളിൽ 3.11.1983-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.353/83/ജി.എ.ഡി. പ്രകാരമുള്ള സംവരണ തത്വം പാലിക്കുന്നുണ്ട്.

**115 (115) ടൂറിസം വികസനം**

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തൊക്കെ പ്രോജക്ടുകളാണ് ഈ വർഷം ആരംഭിക്കുന്നത്;

(ബി) ബാക്ക് വാട്ടർ ടൂറിസം വികസന പദ്ധതി അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) തൃശ്ശൂർപൂരം, ആറാട്ടുപുഴ ഉത്സവം തുടങ്ങിയ ഉത്സവങ്ങളിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിലങ്ങൽകുന്നിൽ ടൂറിസം വികസനം, ആതിരപ്പള്ളി വഴിയോര വിശ്രമകേന്ദ്രം എന്നീ പദ്ധതികൾ സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

(ബി) ബാക്ക് വാട്ടർ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായാണ് കഴിഞ്ഞവർഷം കനോളി കനാൽ ഹൗസ്ബോട്ട് പദ്ധതിക്ക് 30 ലക്ഷം രൂപ അനുവദിച്ചത്.

(സി) സ്വാഭാവിക ഉത്സവങ്ങൾക്ക് അന്തർദേശീയ തലത്തിൽ പ്രചാരം നൽകുക വഴി കേരളത്തിലേക്ക് വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി ആറാട്ടുപുഴ പൂരം,

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവങ്ങളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളിലും പരസ്യങ്ങളിലും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ദേശീയ-അന്തർ ദേശീയ തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ടൂറിസം മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുകയും ഈ ഉത്സവങ്ങൾക്ക് പ്രചാരണം നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആറാട്ടുപുഴ ഉത്സവം നടത്തിപ്പിലേക്കായി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഒരു ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

**116 (116) കേരളത്തിലെ അംഗീകൃത വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗീകൃത വിനോദസഞ്ചാരകേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വർക്കലയുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വർക്കലയിൽ നിലവിലുള്ള ഗസ്റ്റ് ഹൗസ് വികസിപ്പിക്കാനും നാലുക്കെട്ട് പരിസരപ്രദേശങ്ങളും പ്രയോജനപ്രദമാക്കി ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാർ നേരിട്ടു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ അംഗീകൃത വിനോദസഞ്ചാര കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1. തിരുവനന്തപുരം നഗരം
2. കോവളം
3. പൊൻമുടി
4. വർക്കല
5. കൊല്ലം
6. കുമരകം
7. തേക്കടി
8. മൂന്നാർ
9. ആലപ്പുഴ
10. കൊച്ചിനഗരം
11. ഗുരുവായൂർ
12. കോഴിക്കോട് നഗരം
13. കാലടി
14. ബേക്കൽ
15. പറമ്പിക്കുളം
16. നെല്ലിയാംപതി
17. മലമ്പുഴ
18. വയനാട്
19. കടലുണ്ടി
20. കാപ്പാട്

LIBRARY ARCHIVES Kerala Legislative Assembly